II ഇ.ബി. XIII- കേരള നിയമസഭ/XIV-9

# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2015 ജൂലൈ 9, വ്യാഴം

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

22 (*241) പാചകവാതക വിതരണത്തിലെ അസന്തുലിതാവസ്ഥ

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) നൽകിയ മറുപടിയിൽ, ഐ.വി.ആർ.എസ്., ഇന്റർനെറ്റ്, എസ്.എം.എസ്. സംവിധാനങ്ങൾ ഉപയോഗിച്ച് ഉപഭോക്താക്കൾക്ക് പാചക വാതക സിലിണ്ടർ ബുക്ക് ചെയ്യാവുന്നതാണെന്നും സിലിണ്ടർ ലഭിച്ച് 48 മണിക്കൂർ കഴിഞ്ഞാൽ വീണ്ടും ബുക്ക് ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. മൾട്ടിപ്പിൾ കണക്ഷൻസ് ഇല്ലാതാക്കുകയും ബാങ്ക് അക്കൗണ്ടുവഴി സബ്സിഡി ലഭ്യമാക്കുന്ന പഹൽ

സംവിധാനം നിലവിൽ വരികയും ചെയ്തതോടെ സിലിണ്ടറുകളുടെ കരിഞ്ചന്തയും വകമാറ്റലും ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഏജൻസി തലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികളും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഓപ്പൺ ഫോറങ്ങളും പരാതിപരിഹാര അദാലത്തുകളും സംഘടിപ്പിച്ച് പാചക വാതക വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. ഈ മേഖലയിലെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ട്. സമരങ്ങൾമൂലം ഉപഭോക്താക്കൾ നേരിടേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി എൽ.പി.ജി.യുടെ ട്രാൻസ്പോർട്ടേഷനും വിതരണവും ബോട്ടിലിംഗ് പ്ലാന്റുകളുടെ പ്രവർത്തനവും കേരള എസൻഷ്യൽ സർവ്വീസസ് മെയ്ന്റനൻസ് ആക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എൽ.പി.ജി. ഓർഡർ 2000 പ്രകാരം റേഷനിംഗ് ഇൻസ്പെക്ടർ തലം മുതലുള്ള സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർക്ക് ഏജൻസികളും ട്രാൻസ്പോർട്ടേഷൻ വാഹനങ്ങളുമുൾപ്പെടെ പരിശോധിക്കുന്നതിന് അധികാരം നൽകിയിട്ടുണ്ട്. ഏജൻസികൾക്കെതിരെയുള്ള പരാതികളിന്മേൽ അന്വേഷണം നടത്തുകയും മാർക്കറ്റിംഗ് ഡിസിപ്ലിൻ ഗൈഡ്ലൈൻസ് അനുസരിച്ച് നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

ഈ വർഷം അനധികൃത ഗ്യാസ് ഫില്ലിംഗ് സ്റ്റേഷനുകളിൽ റെയ്ഡ് നടത്തി ആയിരത്തോളം സിലിണ്ടറുകൾ പിടിച്ചെടുത്തിട്ടുണ്ട്. ഉപഭോക്താക്കളുടെ ബാഹുല്യം പരിഗണിച്ച് ഏജൻസികളുടെ എണ്ണം വർദ്ധിപ്പിക്കുന്ന വിഷയം ഓയിൽ കമ്പനികളുടെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്. ഉപഭോക്താക്കളുടെ സൗകര്യാർത്ഥം സമീപ പ്രദേശത്തെ ഏജൻസികളിൽ എൻറോൾ ചെയ്യാനുള്ള സംവിധാനം നിലവിലുണ്ട്. പൈപ്പ്ലൈൻവഴി നഗര പ്രദേശങ്ങളിലെ വീടുകളിൽ എൽ.പി.ജി. എത്തിക്കുന്നതിനുള്ള സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പ്രോജക്ട് ആരംഭിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. സിലിണ്ടർ വാൽവിലെ പിഴവുകൾ കണ്ടെത്തുന്നതിനായി എല്ലാ വിതരണക്കാർക്കും വാൽവ് ചെക്കിംഗ് പെൻ വിതരണം ചെയ്തിട്ടുണ്ടെന്നും ഉപഭോക്താവിന്റെ ആവശ്യപ്രകാരം ഡെലിവറി പോയിന്റിൽതന്നെ സിലിണ്ടറുകളുടെ തൂക്കം പരിശോധിക്കുന്നതിന് ആവശ്യമായ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

23 (*242) <u>നെൽവയൽ ഡാറ്റാ ബാങ്കിലെ പോരായ്മകൾ</u>

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>) നൽകിയ

മറുപടിയിൽ, 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലും ചട്ടങ്ങളിലും ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അടങ്ങിയിട്ടുണ്ടെന്നും പ്രസ്തുത നിയമത്തിലെ വകുപ്പ് 5 പ്രകാരം രൂപീകരിക്കുന്ന പ്രാദേശികതല നിരീക്ഷണ സമിതിക്കാണ് ഡാറ്റാ ബാങ്ക് തയ്യാറാക്കാൻ അധികാരമുള്ളതെന്നും സഭയെ അറിയിച്ചു. ചട്ടം 4(2) പ്രകാരം കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ എന്നിവർ റവന്യൂ റിക്കോർഡുകളുടെയും സ്ഥലപരിശോധനയുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന കരട് ഡാറ്റാ ബാങ്ക് പ്രാദേശികതല നിരീക്ഷണ സമിതി പരിശോധിച്ച് തിരുത്തലുകൾ വരുത്തി ഉപഗ്രഹചിത്രങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഭൂപടത്തിന്റെ സഹായത്തോടെ അന്തിമരൂപം നൽകുകയാണ് ചെയ്യുന്നത്. ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് നിയമവിരുദ്ധ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്. അനധികൃത നിലം നികത്തലിനെതിരെ സംസ്ഥാനത്തുടനീളം 14428-ഓളം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മുൻകൂർ അനുമതി വാങ്ങാതെ നികത്തുന്ന വയലുകൾ സർക്കാരിലേയ്ക്ക് കണ്ടുകെട്ടുന്നതിനും ഡാറ്റാ ബാങ്കിലെയും ബി.റ്റി.ആർ. രജിസ്റ്ററിലെയും അപാകതകൾ പരിഹരിക്കുന്നതിനും നിയമത്തിൽ ഭേദഗതി വരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഡാറ്റാ

ബാങ്ക് തയ്യാറാക്കുന്ന നടപടികൾ വിവിധ ഘട്ടങ്ങളിലാണെന്നും ആയത് താമസംവിനാ പ്രസിദ്ധീകരിക്കുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടത്തിവരികയാണെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

24 (*243) മലയാള ഭാഷ പഠിപ്പിക്കാത്ത സ്കൂളുകൾ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ്/ സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകളിലും കേന്ദ്രീയ വിദ്യാലയങ്ങളിലും പത്താം ക്ലാസുവരെ മലയാള ഭാഷാപഠനം നിർബന്ധമാക്കിക്കൊണ്ട് 01-09-2011-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും സംസ്ഥാന സിലബസുള്ള വിദ്യാലയങ്ങൾ ഒഴികെയുള്ളവ പ്രസ്തുത ഉത്തരവ് നടപ്പിലാക്കാൻ വിമുഖത കാണിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. ഹൈക്കോടതി ഉത്തരവുപ്രകാരം എൻ.സി.ഇ.ആർ.റ്റി.യുടെ കീഴിലുള്ള ഐ.സി.എസ്.ഇ./സി.ബി.എസ്.ഇ. സ്കൂളുകൾ, കേന്ദ്രീയ വിദ്യാലയങ്ങൾ എന്നിവിടങ്ങളിൽ മലയാള ഭാഷാപഠനം നിർബന്ധമാക്കുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുകളുണ്ട്. പുതുതായി അനുവദിക്കുന്ന

ഐ.സി.എസ്.ഇ./സി.ബി.എസ്.ഇ. സ്കൂളുകളിൽ മലയാള ഭാഷാപഠനം നിർബന്ധമാക്കുന്ന കാര്യത്തിൽ യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

(നക്ഷത്ര ചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 2453 മുതൽ 2662 വരെയുള്ള ചോദ്യങ്ങളിൽ 80 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

* * * * * * * * * *